പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 529** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വ്യാപാരികൾക്ക് സാമ്പത്തിക സഹായം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. കെ. എം. അഷ്റഫ്
ശ്രീ. പി. കെ. ഫിറോസ്
ശ്രീ. എം. റഹ്മത്തുള്ള
ശ്രീ. പി .എം. എ. സമീർ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വ്യാപാരികൾക്കുള്ള സാമ്പത്തിക സഹായം നൽകാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** **ഉണ്ട്.**

2018 ലെ പ്രളയത്തെ തുടർന്ന് പ്രളയ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പയെടുത്ത യൂണിറ്റുകൾക്ക് ബാങ്കിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, 8% പലിശ സബ്സിഡി മൂന്ന് വർഷത്തേക്ക് അനുവദിക്കുന്നതിന് അർഹതയുണ്ട്. ഓരോ വർഷവും അനുവദിക്കുന്ന ഈ ആനുകൂല്യത്തിന്റെ തുക ₹5ലക്ഷം കവിയാൻ പാടില്ല എന്ന നിബന്ധനയ്ക്ക് വിധേയമായാണ് പലിശ സബ്സിഡി അനുവദിക്കുന്നത്. പ്രളയ പുനർ നിർമ്മാണ പദ്ധതി പ്രകാരം 2018 ലെ പ്രളയത്തെ തുടർന്ന് യന്ത്ര സാമഗ്രികൾക്ക് ഉണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനായി സഹായം അനുവദിച്ചിട്ടുണ്ട്. സ്റ്റാർട്ടപ്പ് പിന്തുണയുടെയും നിക്ഷേപ പിന്തുണയുടെയും രൂപത്തിലുള്ള സാമ്പത്തിക സഹായം രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കിയത്. സംരംഭങ്ങളുടെ പുനർനിർമ്മാണത്തിന്റെ ഭാഗമായി നടത്തുന്ന മൊത്തം സ്ഥിര മൂലധന നിക്ഷേപത്തിന്റെ (TFCI) 15% മുതൽ 40% വരെ പദ്ധതിയ്ക്ക് കീഴിൽ സാമ്പത്തിക സഹായമായി അനുവദിക്കാവുന്നതാണ്. പ്രസ്തുത സഹായം പൊതു വിഭാഗം സംരംഭങ്ങൾക്ക് പരമാവധി 20.00 ലക്ഷം രൂപയും പ്രത്യേക വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് പരമാവധി 30.00 ലക്ഷം രൂപയുമായി പരിമിതപ്പെടുത്തിയിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം എല്ലാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്കും സാമ്പത്തിക സഹായത്തിന് അർഹതയുണ്ടായിരുന്നു.

**(ബി)** ദുരിത ബാധിതരായ സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് സാമ്പത്തിക സഹായത്തിന് അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**